**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1159** **31.10.2019-ൽ മറുപടിയ്ക്ക്**

# നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്**<br>**,, ഐ.ബി. സതീഷ്**<br>**,, ആർ. രാജേഷ്**<br>**,, കെ. ബാബു** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെട്ടത്തിയതുമായ റോഡുകൾ ഉടനെ തന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതുമൂലം വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത്; | (എ) റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് അറിയിപ്പ് നൽകാറുണ്ട്. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ റോഡ് മുറിക്കേണ്ടതായി വരുന്ന സന്ദർഭങ്ങളിൽ പ്രസ്തുത റോഡ് പൂർവ്വ സ്ഥിതിയിലാക്കാൻ ആവശ്യമായ തുകയും ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന കേടുപാടുകൾക്കായി അധികതുകയും ഈടാക്കി വരുന്നു. KIIFB മുഖാന്തിരം നടപ്പിലാക്കുന്ന പുതിയ നിർമ്മാണത്തിൽ cable trench നിർമ്മിക്കുവാൻ provision -നുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും, അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻ തന്നെ വെട്ടി മുറിച്ച് കേബിളുകളും, പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. |
| (ബി) ഇതു സംബന്ധിച്ച് സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇത് സംബന്ധിച്ച് 05/01/2018 ലെ സ.ഉ. (സാധാ) നം. 30/2018/പി.ഡബ്ല്യൂ.ഡി, 24/08/2018 ലെ സ.ഉ.(സാധാ) നം. 1321/2018/പി.ഡബ്ല്യൂ.ഡി. എന്നിവ പ്രകാരം സർക്കാർ പുതിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH- 33044/29/2015/S&R(R) തീയതി 22/11/2016 -ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച് ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇപ്രകാരം പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പൈപ്പുകളും, കേബിളുകളും സ്ഥാപിച്ചതിനു ശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ യൂട്ടിലിറ്റിയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉത്തരവാദിത്തപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിക്കാറുണ്ട്.

(ഡി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് അതത് നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ. യെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) റോഡുകൾ മുറിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനായി ബന്ധപ്പെട്ട നിയമസഭാ മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനായി 04/07/2019 ലെ സ.ഉ.(സാധാ) നം.819/2019/പി.ഡബ്ല്യൂ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ